**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3976** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ മെഡിക്കൽ ലാബിന്റെ പ്രവർത്തന സമയ ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മെഡിക്കൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ ഏഴ് മണി മുതൽ ഉച്ചക്ക് രണ്ട് മണി വരെ ക്രമീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എഫ്ബിഎസ് പരിശോധനയ്ക്കായി രോഗികൾക്ക് നേരത്തെ സാമ്പിൾ ശേഖരിക്കേണ്ടതിനാൽ ഒരു എൻസിഡി ക്ലിനിക് ലാബിന് ഏറ്റവും അനുയോജ്യമായ പ്രവർത്തന സമയം രാവിലെ 7 മണി മുതലാണ്. ഇതിനായാണ് സർക്കാർ മെഡിക്കൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ ഏഴ് മണി മുതൽ ഉച്ചക്ക് രണ്ട് മണി വരെ ക്രമീകരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത്.<br><br>GO(Rt) No.667/10/H&FWD തീയതി, 22/02/2010 ഉത്തരവ് പ്രകാരം താലൂക്കാശുപത്രികൾ മുതൽ നിലവിൽ 24 മണിക്കൂർ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>GO(MS) നം.134/2018/H&FWD തീയതി, 16/07/2018പ്രകാരം പി.എച്ച്.സി/ സി.എച്ച്.സി/എഫ്.എച്ച്.സി എന്നിവിടങ്ങളിൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകിട്ട് 4.00 മണി വരെയാണ്. അധിക മനുഷ്യവിഭവശേഷി എൽ.എസ്.ജി/ എച്ച്.എം.സിയുടെ സഹായത്തോടെ പ്രാദേശികമായി ക്രമീകരിക്കാവുന്നതും, അധിക ലാബ് ടെക്നീഷ്യൻ ലഭ്യമാണെങ്കിൽ, ആദ്യ ലാബ് ടെക്നീഷ്യന്റെ പ്രവർത്തന സമയം രാവിലെ 8.00 മുതൽ വൈകുന്നേരം 4.00 വരെയും, രണ്ടാമത്തെ ലാബ് ടെക്നീഷ്യന്റെ പ്രവർത്തന സമയം രാവിലെ 10.00 മുതൽ വൈകുന്നേരം 6.00 വരെയും ആയിരിക്കേണ്ടതുമാണ്. എച്ച്.ആർ പരിമിതികൾ കാരണം ആരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രത്തിന്റെ പ്രവർത്തന സമയങ്ങളിൽ മാത്രമേ ലാബ് പ്രവർത്തിക്കാനാകൂ. |
| (ബി) | പ്രമേഹ രോഗികൾ ഉൾപ്പെടെയുള്ളവർക്ക് അവരുടെ ഭക്ഷണ ക്രമത്തിൽ നിയന്ത്രണം വരുത്തുന്നതിനും ടെസ്റ്റുകൾ നടത്തുന്നതിനും സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സമയ മാറ്റം ഏറെ ഉപകാരപ്പെടുമെന്ന കാര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തന സമയം ക്രമീകരിച്ച് പാവപ്പെട്ട രോഗികൾക്ക് അനുകൂലമായ തീരുമാനം കൈകൊള്ളാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ